# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2907 18.06.2019 ൽ മറുപടിക്ക്**

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി-പിഴല പാലം, ചെറിയ കടമക്കുടി പാലം, ചേന്നൂർ-പിഴല പാലം, ചേന്നൂർ-കോതാട് പാലം, കേരളേശ്വരം പാലം, ഹെർബർട്ട് പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) & ബി) | **കടമക്കുടി - പിഴല പാലം**<br>കടമക്കുടി - പിഴല പാലം കിഫ്ബി പ്രവൃത്തിയാണ്. സർക്കാർ ഉത്തരവ് (സാധാ) നം.942/2017/പൊമവ തീയതി 10.07.2017 (ക്രമനമ്പർ 13) പ്രകാരം 40 കോടി രൂപയ്ക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പാലം ഡിസൈൻ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഡിസൈൻ ലഭിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുവാൻ കഴിയും സാമ്പത്തികാനുമതിയും, സാങ്കേതികാനുമതി എന്നിവ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.<br>**ഹെർബർട്ട് പാലം**<br>ഹെർബർട്ട് പാലം കിഫ്ബി പ്രവൃത്തിയാണ്. സർക്കാർ ഉത്തരവ് (സാധാ) നം.1496/2016/പൊമവ തീയതി 31.10.2016 (ക്രമനമ്പർ 22) പ്രകാരം 10 കോടിയ്ക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്ക് വേണ്ടി ഡീറ്റേൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| ബി) എങ്കിൽ ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഓരോ പ്രവൃത്തിയും എന്നത്തേക്ക് ആരംഭിക്കുമെന്നും വിശദമാക്കാമോ; | | |

**ചെറിയ കടമക്കുടി പാലം**

ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

**ചേന്നൂർ പിഴല പാലം** : 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

**ചേന്നൂർ കോതാട് പാലം**

ജിഡയിൽ നിന്നും ഇൻവെസ്റ്റിഗേഷന് ഭരണാനുമതി ലഭിച്ചു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തു. 2019-20 ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ല.

**കേരളേശ്വരം പാലം**

2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| സി) ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | സി) **കടമകുടി - പിഴലപാലം** : പ്രവൃത്തി ഡിസൈൻ ഘട്ടത്തിലാണ്. മറ്റ് തടസ്സങ്ങൾ ഇല്ല.<br>**ഹെർബട്ട് പാലം** : സാമ്പത്തികാനുമതിയ്ക്കു വേണ്ടി ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് തടസ്സങ്ങൾ ഇല്ല.<br>ചെറിയകടമക്കുടി പാലം, ചേന്നൂർ - പിഴലപാലം , ചേന്നൂർ-കോതാട് പാലം, കേരളേശ്വരം പാലം എന്നിവയ്ക്ക് മതിയായ തുക വകയിരുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ